STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.388/PR/SPMC/PHQ/2021 Date :31.08.2021

## ഓൺലൈൻ പണത്തട്ടിപ്പ് :
## പരാതിപ്പെടാൻ കോൾസെന്റർ നിലവിൽ വന്നു

ഓൺലൈനിലൂടെ ഉപഭോക്താക്കളെ കബളിപ്പിച്ച് പണം തട്ടിയെടുക്കുന്നതിനെതിരെ പരാതിനൽകുന്നതിനുള്ള കേരളാ പോലീസിന്റെ കോൾസെന്റർ സംവിധാനം നിലവിൽ വന്നു. തിരുവനന്തപുരത്ത് പോലീസ് ആസ്ഥാനത്ത് സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് കോൾസെന്റർ ഉദ്ഘാടനം ചെയ്തു. എ.ഡി.ജി.പിമാരായ മനോജ് എബ്രഹാം, എസ്.ശ്രീജിത്ത്, വിജയ്.എസ്.സാഖറെ എന്നിവരും മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥരും ചടങ്ങിൽ സംബന്ധിച്ചു.

സൈബർ സാമ്പത്തിക തട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് 155260 എന്ന ടോൾഫ്രീ നമ്പറിൽ വിളിച്ച് പരാതികൾ അറിക്കാം. ഓൺലൈനിലൂടെ സാമ്പത്തിക ഇടപാട് നടത്തുന്നവരെ ലക്ഷ്യം വച്ചുള്ള തട്ടിപ്പുകൾ വർദ്ധിച്ചതിനെ തുടർന്നാണ് പോലീസ് നടപടി. ഇത്തരം തട്ടിപ്പുകൾക്ക് ഇരയാകുന്നവർക്ക് കാലതാമസമില്ലാതെ പരാതി നൽകാൻ ഇതിലൂടെ കഴിയും. കേന്ദ്രസർക്കാരിന്റെ സിറ്റിസൺ ഫിനാൻഷ്യൽ സൈബർ ഫ്രോഡ് റിപ്പോർട്ടിംഗ് ആന്റ് മാനേജ്മെന്റ് സിസ്റ്റത്തിന് കീഴിലാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഈ കേന്ദ്രീകൃത കോൾസെന്റർ സംവിധാനം പ്രവർത്തിക്കുക.

സൈബർ സാമ്പത്തിക ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടാലുടൻ ഉപഭോക്താക്കൾ കോൾസെന്ററുമായി ബന്ധപ്പെടണം. ലഭിക്കുന്ന പരാതികൾ നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടൽ വഴി ബാങ്ക് അധികാരികളെ പോലീസ് അടിയന്തിരമായി അറിയിച്ച് പണം കൈമാറ്റം ചെയ്യുന്നത് തടയും. തുടർന്ന് പരാതികൾ സൈബർ പോലീസ് സ്റ്റേഷനിലേക്ക് കൈമാറി കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടികൾ സ്വീകരിക്കും.

**ഫോട്ടോക്യാപ്ഷൻ** : സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾക്കെതിരെ പരാതി നൽകാനുള്ള പോലീസ് ഹെൽപ് ലൈൻ സംവിധാനം സംസ്ഥാന പോലീസ് മേധാവി അനിൽകാന്ത് ഉദ്ഘാടനം ചെയ്യുന്നു. എ.ഡി.ജി.പിമാരായ എസ്.ശ്രീജിത്ത്, വിജയ്.എസ്.സാഖറെ, മനോജ് എബ്രഹാം എന്നിവർ സമീപം.

*********************